




**ഗാന്ധിയുടെ അഹിംസാത്മക സമരങ്ങളുടെ ഉന്നതമായ ഗുണവിശേഷങ്ങൾ ലോകമെമ്പാടും നടക്കുന്ന പ്രക്ഷോഭങ്ങളെ എങ്ങനെ സ്വാധീനിച്ചു എന്ന് വിലയിരുത്തുന്നു**

**ജിയോ ജോസ്**

# അഹിംസ ഭീരുത്വമല്ല

*"The end cannot justify the means, for the simple reason that the means employed determine the nature of the ends produced" - Aldous Huxley*

*"All men desire peace. But very few desire there things which make for peace". - Thomas. A. Kempis*

**ശക്തനായവൻ** ദുർബലന് നേരെ നടത്തുന്ന അധിനിവേശത്തിന്റെയും ആക്രമണത്തിന്റെയും അടിച്ചമർത്തലുകളുടേയും തുടർകഥകളുമാണ് ഇതുവരെ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ലോകത്തിന്റെ രാഷ്ട്രീയ ചരിത്രമെന്നത്. അതതുകാലങ്ങളിൽ ഈ ആക്രമങ്ങൾക്കുമെതിരെ ധീരോദാത്തമായ ചെറുത്തുനിൽപ്പുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ലോകത്ത് നിലനിൽക്കുന്ന അസമത്വങ്ങൾക്കും ചൂഷണത്തിനുമെതിരെ ദാർശനികവും രാഷ്ട്രീയപരവും പ്രായോഗികവുമായ പരിഹാരങ്ങൾ നിർദ്ദേശിച്ച ഏറ്റവും മഹത്തായ രണ്ടു വിപ്ലവകാരികളായിരുന്ന മാർക്സും ഗാന്ധിയും. മാർക്സ് ഹിംസാത്മകമായ വർഗ്ഗ വിപ്ലവത്തിനിടെ ഇന്ന് ലോകത്ത് നിലനിൽക്കുന്ന അനീതിയും അസമത്വവും നിറഞ്ഞ സാമൂഹ്യാവസ്ഥയെ ഇല്ലാതാക്കണമെന്ന് വിശ്വസിച്ചു. ഉല്പാദനോപാധികളിലുള്ള അധികാരവും സാമ്പത്തിക ഘടനയിലുള്ള അസമത്വവുമാണ് ലോകത്തിലെ എല്ലാ അനീതികൾക്കും കാരണമെന്ന് അദ്ദേഹം നിരീക്ഷിച്ചു. അതിനുള്ള പരിഹാരമാവട്ടെ വർഗ്ഗസമരവും. മാർക്സിന്റെ സിദ്ധാന്ത പ്രകാരമുള്ള സാമ്പത്തിക വിശകലനങ്ങളും ക്രയവിക്രയങ്ങളും പ്രധാനമായിരിക്കുമ്പോൾതന്നെ അത് യഥാർത്ഥ പ്രശ്നങ്ങളുടെ ഭാഗിക സത്യം മാത്രമെ ആവുന്നുള്ളു. മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല ജീവിക്കുന്നതെന്ന് ക്രിസ്തു നൂറ്റാണ്ടുകൾക്കുമുമ്പേ കൃത്യമായി പറഞ്ഞുവെച്ചിട്ടുണ്ട്. ഭൗതിക സൗകര്യങ്ങളോടൊപ്പം മാനവ സമൂഹത്തിന് സ്വാതന്ത്ര്യവും ധാർമ്മിക ആദ്ധ്യാത്മികമൂല്യങ്ങളും ആരോഗ്യകരമായ നിലനില്പിന് അത്യന്താപേക്ഷിതമാണ്. സാമൂഹ്യ നിയന്ത്രണങ്ങളോടുകൂടിയ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യം മനുഷ്യന്റെ വികാസത്തിന്റെയും ജീവിത സഫലീകരണത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. ഇവിടെയാണ് ഗാന്ധിജി വി



**ഏകാധിപത്യഭരണകൂടങ്ങൾക്കെതിരെ ഏറ്റുമുട്ടലുകളിലൂടെ ഒരിക്കൽ അധികാരത്തിലെത്തി കഴിഞ്ഞാലും ആ സംഘത്തിൽ സ്വതന്ത്രവും വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്നതുമായ ഭരണകൂടങ്ങൾ ഉണ്ടാകുന്നതിനോ, സാമൂഹ്യവും സാമ്പത്തികവുമായ വികാസം ത്വരിതപ്പെടുത്തുന്നതിനോ, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനോ സാധിക്കാറില്ല. പലപ്പോഴും ഈ രാജ്യങ്ങൾ പ്രതിവിപ്ലവങ്ങളിലേക്കും വിദേശ ഇടപെടലുകളിലേക്കും വ്യാപാര സ്തംഭനങ്ങളിലേക്കും നീങ്ങിയ ചരിത്രമാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്**

ത്യസ്ഥനാവുന്നതും പ്രസക്തനാവുന്നതും.

ശക്തനായവൻ ദുർബലർക്ക് നേരെ നടത്തുന്ന അടിച്ചമർത്തലുകൾ സത്യത്തിലും അഹിംസയിലും ഉറച്ചു നിന്നുകൊണ്ട് തിന്മയ്ക്കെതിരെ നടത്തുന്ന ചെറുത്തുനിൽപ്പുകളിലൂടെ മാത്രമെ അവസാനിപ്പിക്കാൻ കഴിയുകയുള്ളുവെന്ന് അദ്ദേഹം വിശ്വസിച്ചു. അത് തന്റെ ജീവിതത്തെ തന്നെ സത്യാന്വേഷണശാലയാക്കികൊണ്ട് ലോകത്തിന് മുമ്പിൽ തെളിയിച്ചു. ഈ രാഷ്ട്രീയ സാക്ഷ്യം തീർച്ചയായും ലോകരാഷ്ട്രീയ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. വർത്തമാന ഭാവി തലമുറകൾക്കു മുന്നിൽ അങ്ങനെ ഗാന്ധിജി വലിയൊരു പ്രതീക്ഷയും ഉത്തരവാദിത്വവും വെല്ലുവിളിയുമാകുന്നു. എന്നാൽ ഗാന്ധിജിയൻ അഹിംസയിലുണ്ടായ സത്യാഗ്രഹ സമരങ്ങളെ മുഴുവൻ ആക്ഷേപിക്കുന്ന സമീപനങ്ങളും പ്രസ്താവനകളുമാണ് ചിലകോണുകളിൽനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ചരിത്രത്തെക്കുറിച്ചുള്ള തികഞ്ഞ അജ്ഞതയും അഹങ്കാരവുമാണ് ഇത്തരം പ്രസ്താവനകളിൽ നിഴലിക്കുന്നതെന്ന് വ്യക്തം. ഗാന്ധിയൻ പ്രസ്ഥാനങ്ങളോ അറിയപ്പെടുന്ന ഗാന്ധിമാർഗ്ഗ പ്രവർത്തകരോ ഇത്തരം ജല്പനങ്ങൾക്ക് മറുപടി പറയാനുണ്ടാവുന്നില്ല. എന്നതാണ് അതിലേറെ ദുഃഖകരമായ വസ്തുത.

അഹിംസ ഒരിക്കലും ഭീരുത്വമല്ല. ഭീരുത്വമാവാനും പാടില്ല. യംഗ് ഇന്ത്യയിൽ ഗാന്ധിജി ഇങ്ങനെ എഴുതി "ഭീരുത്വവും അക്രമസ്വഭാവവും ഇതിലേത് തിരഞ്ഞെടുക്കണമെന്ന് ചോദിച്ചാൽ ആക്രമണമെന്നേ ഞാൻ പറയൂ. എന്നാൽ അഹിംസ അക്രമണത്തേക്കാൾ പലമടങ്ങ് ഉന്നതമാണ്.'' 1920–ൽ യംഗ് ഇന്ത്യയിൽ അദ്ദേഹം വീണ്ടുമെഴുതി. "അഹിംസയും ഭീരുത്വവും വിരുദ്ധപദങ്ങളാണ്. അഹിംസ ഉന്നതമായതോടെ ഗുണവിശേഷങ്ങമാണെങ്കിൽ ഭീരുത്വം ഏറ്റവും വലിയ സ്വഭാവദുഷ്യമാണ്. അഹിംസ പ്രേമത്തിൽനിന്നും ഉറവ് തേടുന്നു. ഭീരുത്വമാവട്ടെ വിദ്വേഷത്തിൽനിന്നും. അഹിംസ എപ്പോഴും സഹിക്കുന്നു. ഭീരുത്വം മറ്റുള്ളവർക്ക് പീഢനമാവുകയാണ്.''

ഇന്ന് ഹിംസ ലോകത്തെ മുഴുവൻ ഗ്രസിച്ചിരിക്കുന്നു. ഹിംസയുടെ വിവിധ രൂപങ്ങളിലുള്ള കടന്നു കയറ്റങ്ങൾ അധിനിവേശങ്ങൾ..., അത് ശാരീരിക തലത്തിൽ മാത്രമൊതുങ്ങുന്നില്ല. മാനസിക തലത്തിലും ആത്മീയ തലത്തിലും വളരെ സൂക്ഷമമായി നമ്മെ ആവരണം ചെയ്യുന്നു. 'വികസന'മെന്നതുതന്നെ അധിനിവേശമായി മാറിയിരിക്കുന്നു. ഒരു സംസ്കാരം മാത്രമെ ശക്തിയാർജ്ജിക്കുന്നുള്ളു. അത് ഹിംസാത്മകമായ ഉപഭോഗ സംസ്കാരമായി മാറിയിരിക്കുന്നു. യുദ്ധങ്ങൾ, വംശീയ വൈരങ്ങൾ, വർഗീയത, വികസനത്തിന്റെ പേരിലുള്ള കുടിയൊഴിപ്പിക്കലുകൾ, ഭരണകൂടത്തിന്റെ മനുഷ്യാവകാശ ലംഘനങ്ങൾ പലപ്പോഴും ഏറ്റവും വലിയ മർദ്ദനോപാധിയായി വർത്തിക്കുന്നത് സ്റ്റേറ്റാണ്, തെരഞ്ഞെടുക്കപ്പെട്ട 'ജനാധിപത്യ' സർക്കാരുകളാണ് എന്നതാണ് ദുഃഖകരമായ വസ്തുത. അതുകൊണ്ട് രാഷ്ട്രത്തിന്റെ ഭീകരതയും മറ്റെല്ലാ ഭീകരതയുമെന്നപ്പോലെ എതിർക്കപ്പെടേണ്ടതാണ്. ഇവയ്ക്കെല്ലാമെതിരെ എന്താണ് മാർക്സിസത്തിനും മറ്റ് ഇസങ്ങൾക്കും മുന്നോട്ടുവെയ്ക്കാനുള്ളത്? അക്രമങ്ങളിലൂടെ, ഹിംസകളിലൂടെ ലോകത്തെ ഗ്രസിച്ചിരുന്ന ഏതെങ്കിലും പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ടോ?

അഹിംസാത്മക തത്വസംഹിതയ്ക്കും മൂല്യബോധത്തിനും ആയിരകണക്കിന് വർഷങ്ങളുടെ ചരിത്രമുണ്ട്. സാമൂഹ്യ പരിഷ്കാരങ്ങൾക്ക് നേതൃത്വം നൽകികൊണ്ട് ഭരണാധികാരികളുടെ തിന്മകൾക്കെതിരെ യുള്ള പോരാട്ടമായി പലപ്പോഴുമത് മാറിയിട്ടുണ്ട്. ആധുനിക കാലഘട്ടത്തിൽ അഹിംസയിലുണ്ടായ പ്രക്ഷോഭങ്ങളുടെ എണ്ണവും വൈവിധ്യവും വർദ്ധിച്ചുവരുന്നുവെന്നത് ആശാവഹമാണ്. ഈ മുന്നേറ്റങ്ങൾക്കെല്ലാം ഊർജ്ജം പകരുന്നതിൽ നേർവഴി കാട്ടുന്നതിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രസ്ഥാനവും ഗാന്ധിജിയുടെ അഹിംസയിലധിഷ്ഠിതമായ സത്യാഗ്രഹ സമരങ്ങളും വഹിച്ച പങ്ക് ചെറുതല്ല. ഗാന്ധിജിയിൽനിന്ന് ഉത്തേജനമുൾക്കൊണ്ട് കറുത്ത ജനതയുടെ അവകാശങ്ങൾക്കാ

യുള്ള മാർട്ടിൻ ലൂതർകിംങ്ങിന്റെയും നെൽസൺമണ്ടേലയുടെയുമെല്ലാം വിജയിച്ച പോരാട്ടങ്ങൾ ഉത്തമനിദർശനങ്ങളായി നിലകൊള്ളുന്നു. 1950-കളുടെ മദ്ധ്യത്തോടെയാണ് അലബാമയിലെ പാസ്റ്ററായിരുന്ന മാർട്ടിൻ ലൂതർ, മോണ്ട് ഗോമറി ബസ്സ് ബഹിഷ്കരണത്തിലൂടെ ശ്രദ്ധേയമാവുന്നത്. വെള്ളക്കാരായ തീവ്രവാദികളുടെ അക്രമങ്ങളെ അംഹിംസാത്മക അച്ചടക്കത്തിലൂടെ നേരിട്ട് ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കാൻ അവർക്ക് കഴിഞ്ഞു. ഇന്നിപ്പോൾ ലോകമെമ്പാടും ആദിവാസി ദളിത് പ്രക്ഷോഭങ്ങൾ സ്ത്രീ, പരിസ്ഥിതി പ്രസ്ഥാനങ്ങൾ എല്ലാം അഹിംസാമാർഗ്ഗത്തിന്റെ പ്രയോക്താക്കളാണ്. ചൈനീസ് അധിനിവേശത്തിനെതിരെ ടിബറ്റൻ ജനതയുടെ ആത്മീയ നേതാവ് ദലായ് ലാമ, ബർമ്മയിലെ പട്ടാള ഗുണ്ടകൾക്കെതിരെ ആംങ്ങ്, സാംങ്ങ് സൂചി മണിപ്പൂരിലെ ജനതയ്ക്കുവേണ്ടി നമ്മുടെ ഇറോം ശർമ്മയും പോരാട്ടങ്ങൾ തുടരുന്നു.

ലോകത്തിലെ ഏറ്റവും വലിയ സൈനികശക്തിയായ അമേരിക്കയുടെ പിൻബലത്തോടെ വാണിരുന്ന പല മർദ്ദക ഏകാധിപതികളേയും തൂത്തെറിയാൻ അഹിംസാത്മക മുന്നേറ്റങ്ങൾക്ക് സാധിച്ചിട്ടുണ്ട്. സുഡാനിലെ ന്യൂമെറി, ഹെയ്ത്തിയിലെ ഡുവാലിയൻ ഫിലിപ്പൈൻസിലെ മാർക്കോസ്, സൗത്ത് കൊറിയയിലെ ചുൻ, ചിലിയിലെ പിനോഷ എന്നീ ഏകാധിപതികൾ ഇങ്ങനെ സ്ഥാന ഭ്രഷ്ടരാക്കപ്പെട്ടവരാണ്. 33 വർഷക്കാലം അമേരിക്കയിലെ റിപ്പബ്ലിക്കൻമാരുടേയും ഡെമോക്രാറ്റുകാരുടെയും പിന്തുണയുണ്ടായിട്ടും ഇന്തോനേഷ്യയിലെ സുഹാത്തോ സർക്കാരിനെ 1998-ൽ താഴെയിറക്കാൻ നിരായുധ ജനകീയ ഉയിർത്തെഴുന്നേൽപ്പിന് സാധിച്ചു.

വിയറ്റ്നാം യുദ്ധത്തിനെതിരെ അമേരിക്കയിൽ നടന്ന ജനകീയ മുന്നേറ്റങ്ങൾ, ലോക വ്യാപാര സംഘടനയ്ക്കെതിരെ നടന്ന സിയാറ്റിൽ പ്രക്ഷോഭം, ലോക മുതലാളിത്തത്തിനെതിരെ ഈയടുത്തക്കാലത്ത് നടന്നുവരുന്ന വാൾസ്ട്രീറ്റ് പിടിച്ചെടുക്കാൻ ലാറ്റിനമേരിക്കയിലും ഈജിപ്തിലും നടന്നുവരുന്ന പ്രക്ഷോഭങ്ങൾ... ഇങ്ങനെ എത്രയെത്ര അഹിംസാത്മകമായ ജനമുന്നേറ്റങ്ങളാണ് ഈ നിരയിലുള്ളത്.

വ്യവസ്ഥാപിത അർത്ഥത്തിൽ എല്ലാ അഹിംസാത്മക മുന്നേറ്റങ്ങളും ഉടനടി വിജയിക്കണമെന്നില്ല. സഹനങ്ങൾ അനവധി ഏൽക്കേണ്ടിവരും. പക്ഷേ അവയെല്ലാം മാനവ സമൂഹത്തിന്റെ വികാസത്തിനും ആരോഗ്യകരമായ നിലനിൽപ്പിനും നൽകിയിട്ടുള്ള സംഭാവനകൾ നിസ്തുലമാണ്. ഈ അഹിംസാത്മക പോരാട്ടങ്ങളെ വികസിപ്പിക്കുകയും നിരന്തരമായി അനീതിയ്ക്കെതിരെ ജാഗ്രതരായിരിക്കുകയുമല്ലാതെ നമ്മുടെ മുന്നിൽ സമാധാനപൂർവ്വമായ ലോകക്രമത്തിന് മറ്റെന്ത് വഴിയാണുള്ളത്? വിജയിച്ചുവെന്നവകാശപ്പെടുന്ന ആയുധ പോരാട്ടങ്ങൾ പോലും ആത്യന്തിക വിശകലനത്തിൽ പരാജയമായിരുന്നുവെന്ന് കാണാൻ കഴിയും. ഓരോ ആയുധ പോരാട്ടത്തിലും ആയിരക്കണക്കിന് ജനങ്ങൾ കുരുതികൊടുക്കപ്പെടുന്നു. വലിയൊരു വിഭാഗം ജനങ്ങൾ വീടും ജീവനോപാധികളും നഷ്ടപ്പെട്ട് വഴിയാധാരമാക്കുന്നു. ഗ്രാമങ്ങളും കൃഷിയിടങ്ങളും നശിപ്പിക്കപ്പെടുന്നു. നഗരങ്ങളും രാജ്യത്തെ അടിസ്ഥാന സൗകര്യങ്ങളും താറുമാറാകുന്നു. സാമ്പത്തിക ഘടനകൾ തകരുന്നു. എല്ലാത്തിലുമപരിയായി വ്യാപകമായ പരിസ്ഥിതി നാശത്തിനിടയുമാകുന്നു. അതായത് എല്ലായ്പ്പോഴും വിജയത്തിന് നൽകുന്ന വില നേട്ടത്തേക്കാൾ അധികമായിരിക്കും.

ഏകാധിപത്യഭരണകൂടങ്ങൾക്കെതിരെ ഏറ്റുമുട്ടലുകളിലൂടെ ഒരിക്കൽ അധികാരത്തിലെത്തി കഴിഞ്ഞാലും ആ സംഘത്തിൽ സ്വതന്ത്രവും വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്നതുമായ ഭരണകൂടങ്ങൾ ഉണ്ടാകുന്നതിനോ, സാമൂഹ്യവും സാമ്പത്തികവുമായ വികാസം ത്വരിതപ്പെടുത്തുന്നതിനോ, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനോ സാധിക്കാറില്ല. പലപ്പോഴും ഈ രാജ്യങ്ങൾ പ്രതിവിപ്ലവങ്ങളിലേക്കും വിദേശ ഇടപെടലുകളിലേക്കും വ്യാപാര സ്തംഭനങ്ങളിലേക്കും നീങ്ങിയ ചരിത്രമാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. ഇതെന്തുകൊണ്ടാണെന്ന് പരിശോധിക്കേണ്ടതുണ്ട്? ആയുധ മുന്നേറ്റങ്ങളിൽ അധികാരം എല്ലായ്പ്പോഴും ഒരു ചെറിയ വരേണ്യ ന്യൂനപക്ഷത്തിന്റെ കൈകളിലായിരിക്കും. അവിടെ ജനാധ്യപത്യത്തിനും മതവർണ്ണ വൈവിധ്യങ്ങൾക്കും യാതൊരു സ്ഥാനവുമുണ്ടാകില്ല. സ്വാഭാവികമായി അസഹിഷ്ണുത അവരുടെ മുഖമുദ്രയായിരിക്കും.

തന്ത്രപരമായി നോക്കിയാലും ആക്രമണോത്സുകമായ പ്രക്ഷോഭങ്ങൾ ആധുനിക കാലഘട്ടത്തിലെ ശക്തമായ മിലിട്ടറി സർക്കാരുകൾക്കെതിരെ ബുദ്ധിപൂർവ്വകമല്ല. സർക്കാരുകൾക്ക് അവരുടെ ഭീകരമായ ആയുധ ശക്തി ഉപയോഗിച്ച് ഇത്തരം പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ കഴിയും. അതിനുശേഷം ജനസുരക്ഷയുടെ പേരിലും മറ്റും അക്രമണത്തെ ന്യായീകരിക്കാനും സാധിക്കും. എന്നാൽ അഹിംസാത്മക മുന്നേറ്റങ്ങളെ അടിച്ചമർത്താൻ ശ്രമിച്ചാൽ അവയ്ക്കനുകൂലമായി വലിയ സഹതാപപരംഗവും ജനവികാരവുമുണ്ടാവുകയും അതുവഴി ജനകീയ പ്രസ്ഥാനങ്ങൾക്ക് ജനകീയ പിന്തുണയും പങ്കാളിത്തവും വർദ്ധിക്കുകയും ചെയ്യും. അതുവഴി മുന്നോട്ടു വയ്ക്കുന്ന മുദ്രാവാക്യങ്ങളിലേക്കും വിഷയങ്ങളിലേക്കും കൂടുതൽ ജനശ്രദ്ധ കൊണ്ടുവരാനും രാഷ്ട്രീയ മണ്ഡലത്തിൽ വിഷയം ചർച്ച ചെയ്യുന്നതിനും ആഗോള പിന്തുണവരെ നേടിയെടുക്കാനും സാധിക്കും. ലക്ഷ്യത്തെ പോലെ പ്രധാനപ്പെട്ടതായിരിക്കണം മാർഗ്ഗവും. എന്തെന്നാൽ ലക്ഷ്യത്തിന്റെ പ്രകൃതം തീരുമാനിക്കുന്നത് മാർഗ്ഗം തന്നെയാണ്. ഗാന്ധി ഒരു പടികൂടി കടന്നു പറഞ്ഞു. "മാർഗം വിത്താണെങ്കിൽ ലക്ഷ്യം വൃക്ഷമാണ്. രണ്ടും അഭേദ്യമാണ്." അല്ലെങ്കിൽ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മാർഗ്ഗം തന്നെയായിരുന്നു ലക്ഷ്യവും.

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G. Centre

**North Bus Stand, Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com